15

# മനുഷ്യൻ "അരുതെന്നു" പറയുമ്പോൾ ദൈവം "ചെയ്യണമെന്നു" പറയുന്നു

# (5:12- 42)

വർഷങ്ങളായി, സമഗ്രാധിപത്യമുള്ള ഗവൺമെന്റുകൾ ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ക്രിസ്ത്യാനിത്വത്തിന്റെ ആരംഭദിനങ്ങളിൽ, റോമാസാമ്രാജ്യ ശക്തി സഭയ്ക്കെതിരെ തിരിഞ്ഞിരുന്നു. ഏറ്റവും അടുത്തുണ്ടായ ചരിത്രത്തിൽ, കമ്മ്യൂണിസം ക്രിസ്ത്യാനിത്വത്തിന്റെ സ്വാധീനത്തെ നിഷ്ഫലമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ സംഘടനാനേതാക്കന്മാർ തിരിച്ചറിയാത്ത കാര്യം യേശുവോ അപ്പൊസ്തലന്മാരോ വിപ്ലവകാരികൾ ആയിരുന്നില്ല എന്നതാണ്.[1]

പാശ്ചാത്യലോകത്തിൽ പൊതുവെയും അമേരിക്കയിൽ പ്രത്യേകിച്ചും, ക്രിസ്ത്യാനിത്വത്തെ ജനാധിപത്യതുല്യമായി ഗണിക്കാറുണ്ട്, പക്ഷെ ക്രിസ്തു ഒരു ഗവൺമെന്റു വ്യവസ്ഥക്കും അംഗീകാരമുദ്ര നല്കിയില്ല. സമ്മർദ്ദത്തിൻ കീഴിലിരിക്കുന്നതിനേക്കാൾ സ്വാതന്ത്ര്യത്തിലായിരിക്കുമ്പോൾ പരിശീലിക്കാൻ എളുപ്പമാണ്, ഏതു രീതിയിലുള്ള ഗവൺമെന്റായാലും പുതിയ നിയമം പഠിപ്പിക്കുന്നതു നാം നല്ല പൗരന്മാരായി ജിവിക്കണം എന്നാണ്. റോം അന്നു ലോകത്തെ ഇരുമ്പുമുഷ്ടിയിലും നീറോയുടെ ക്രൂരസ്വേചരാധിപത്യത്തിലും സിംഹാസനം ഉറപ്പിച്ചപ്പോഴായിരുന്നു പൗലൊസ് എഴുതിയത്:

> ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ, ഒരധികാരവുമില്ലല്ലൊ ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥ യോടു മറുക്കുന്നു; മറുക്കുന്നവരോ

ശിക്ഷാവിധിപ്രാപിക്കും. വാഴുന്നവർ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രേ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പിൻ ഇഛരിക്കുന്നുവോ? നന്മ ചെയ്ക എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും നിന്റെ നന്മയ്ക്കല്ലോ അവൻ ദൈവശുശ്രൂഷയ്ക്കാരനായിരിക്കുന്നത്; നീ തിന്മ ചെയ്താലോ, ഭയപ്പെടുക; വെറുതെയല്ല അവൻ വാൾ വഹിക്കുന്നത്; അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷക്കായി, പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ. അതുകൊണ്ട് ശിക്ഷയെ മാത്രമല്ല, മനസാക്ഷിയേയും വിചാരിച്ച് കീഴടങ്ങുക ആവശ്യമാണ് (റോമർ 13:1–5).

"ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ, എന്ന വാചകം ശ്രദ്ധിക്കുക. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു." ഇതിനർത്ഥം എല്ലാ ഗവൺമെന്റിനെയും ദൈവം അംഗീകരിക്കുമെന്നും കരുതരുത്.[2] ഇതിന്റെ അർത്ഥം മനുഷ്യരുടെ നന്മക്കായി വർഷങ്ങൾക്കു മുൻപു ദൈവം ഇത്തരം രാഷ്ട്രീയ ഗവൺമെന്റ് രൂപപ്പെടുത്തി. രാഷ്ട്രീയ സർക്കാരില്ലെങ്കിൽ, വാഴുന്നതു പിടിച്ചു പറിയും അക്രമവും അനീതിയുമായിരിക്കും. ചില ഒഴിവുകഴിവുകൾ കണ്ടേക്കാം, പക്ഷെ പൊതുവിൽ എല്ലാ ഗവൺമെന്റും (ഏറ്റവും അനീതിയുള്ളതായാലും) നിയമം പാലിക്കുന്നവർക്കു പ്രതിഫലവും ലംഘിക്കുന്നവർക്കു ശിക്ഷയുമാണ്.

അടിസ്ഥാനപരമായി നമുക്കു ഗവൺമെന്റിനോടുള്ള പ്രതിബദ്ധത ചുരുക്കിപ്പറഞ്ഞാൽ മൂന്നു കാര്യങ്ങളിൽ ഒതുക്കാം – *കൊടുക്കുക, പ്രാർത്ഥിക്കുക, അനുസരിക്കുക*: (1) നാം നമ്മുടെ നികുതി *കൊടുക്കണം*. യേശു ഇതു സ്പഷ്ടമാക്കിയിട്ടുണ്ട് മത്തായി 22:17–21, പൗലൊസ് വീണ്ടും ഊന്നി പറഞ്ഞിട്ടുണ്ട് റോമർ 13:6, 7.[3] (2) ഗവൺ മെന്റു ഭരണാധികാരികൾക്കു വേണ്ടി നാം *പ്രാർത്ഥിക്കണം* (1 തിമൊഥെയൊസ് 2:1, 2). (3) നാം രാജ്യത്തെ നിയമം *അനുസരിക്കണം*. പുറമെ പൗലൊസിന്റെ തുറന്ന ഉപദേശവും, പത്രൊസ് എഴുതി, "സകല മാനുഷനിയമത്തിന്നും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ, ശ്രേഷ്ഠാധികാരി എന്നു വെച്ചു, അല്ലെങ്കിൽ രാജാവിനും ... നാടുവാഴികൾക്കും കീഴടങ്ങുവിൻ ..." (1 പത്രൊസ് 2:13–15). വാസ്തവത്തിലുള്ള അനുസരണത്തിൽ ബഹുമാനവുമടങ്ങുന്നു എന്നു പത്രൊസ് ശ്രദ്ധിച്ചു. അവൻ പറഞ്ഞതു ''രാജാവിനെ ബഹുമാനിക്ക'' (1 പത്രൊസ് 2:17). ചില തർജ്ജിമകൾ ''ആദരിക്കുക'' എന്നത് ''ബഹുമാനിക്കുക''[4] എന്നാക്കിയിട്ടുണ്ട്. ചിലർ എതിർക്കാം, ''എന്റെ ബഹുമാനത്തിന് ഗവൺമെന്റ് അധികാരി *യോഗ്യനല്ലെങ്കിലോ*?" പത്രൊസ് സംസാരിച്ച "രാജാവ്" നീറോ ആയിരുന്നു. നിങ്ങൾ അങ്ങനെയുള്ള വ്യക്തിയെ ബഹുമാനിച്ചില്ലെങ്കിൽ, അയാളുടെ സ്ഥാനത്തെ മാനിക്കുക.

നമ്മുടെ ഇപ്പോഴത്തെ പഠനത്തിനു പശ്ചാത്തലം തരികയാണ് പുതിയ നിയമത്തിലെ ഈ അടിസ്ഥാന ഉപദേശം. ഈ പാഠത്തിൽ, നാം ചില ചോദ്യങ്ങൾ ചോദിക്കേണ്ടിയിരിക്കുന്നു: ഏതെങ്കിലും ഒരു സമയത്ത് നാം ദേശത്തിന്റെ നിയമം അനുസരി*ക്കരുതാത്ത*തായുണ്ടോ?

ചില സാഹചര്യത്തിൽ നാം ഭരണാധികാരികളെ അനുസരിക്കാതിരുന്നാൽ, *ബാക്കിയുള്ള സമയത്ത് നാം എങ്ങനെയായിരിക്കും?* നാം നമ്മുടെ വേദഭാഗമായ, 5:12–42 നോക്കുമ്പോൾ.

പത്രൊസും യോഹന്നാനും മുടന്തനെ സൗഖ്യമാക്കിയ ശേഷം, അവരെ ന്യായാധിപസംഘം തടവിലാക്കി "യേശുവിന്റെ നാമത്തിൽ *അശേഷം* സംസാരിക്കരുതെന്നു വിലക്കി വിട്ടയച്ചു" (4:18; എംഫസിസ്മൈൻ). അപ്പൊസ്തലന്മാർ ന്യായാധിപസഭയോടു ചോദിച്ചതു ദൈവത്തേക്കാൾ മനുഷ്യരെ അനുസരിക്കുന്നതു യോഗ്യമോ എന്നാണ് (വാക്യം 19), "അവർ ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു കൊണ്ടിരുന്നു" (വാക്യം 31). നമ്മുടെ പാഠം തുടങ്ങട്ടെ ...

> ... അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും നടന്നു; അവർ എല്ലാവരും ഏകമനസ്സോടെ ശലോമോന്റെ മണ്ഡപത്തിൽ കൂടി വരിക പതിവായിരുന്നു [പഠിപ്പിക്കുകയും പ്രസംഗിക്കുകയും[5]] ... മറ്റുള്ളവരിൽ ആരും അവരോടു ചേരുവാൻ തുനിഞ്ഞില്ല, ജനമോ അവരെ പുകഴ്ത്തിപ്പോന്നു. മേല്ക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും, കർത്താവിൽ വിശ്വസിച്ചു ചേർന്നു വന്നു (5:12–14).

വേറൊരു വിധത്തിൽ, പത്രൊസും യോഹന്നാനും കുഴപ്പ ത്തിലായപ്പോൾ എന്തു ചെയ്തുവോ അങ്ങനെ തന്നെ അപ്പൊസ്തലന്മാർ ചെയ്തു കൊണ്ടിരുന്നു!

### പ്രചാരം (5:15, 16)

15ഉം 16ഉം വാക്യങ്ങളിൽ അപ്പൊസ്തലന്മാരുടെ പ്രചാരവും ശക്തിയും ഉയർത്തികാണിച്ചിരിക്കുന്നു:

> ... രോഗികളെ പുറത്തുകൊണ്ടുവന്നു, പത്രൊസ് കടന്നുപോകുമ്പോൾ, അവന്റെ നിഴലെങ്കിലും അവരിൽ വല്ലവരുടെയും മേൽ വീഴേണ്ടതിന്നു വീഥികളിൽ വിരിപ്പിന്മേലും കിടക്കമേലും കിടത്തും, അതു കൂടാതെ യെരൂശലേമിന്നു ചുറ്റുമുള്ള പട്ടണങ്ങളിൽ നിന്നും പുരുഷാരം വന്നു കൂടി, രോഗികളെയും അശുദ്ധാത്മാവു ബാധിച്ചവരേയും; കൊണ്ടു വരികയും അവർ എല്ലാവരും സൗഖ്യം പ്രാപിക്കയും ചെയ്തു.

അപ്പൊസ്തലന്മാരുടെ പ്രസിദ്ധി വർദ്ധിച്ചതോടെ, എല്ലായിടത്തു നിന്നും രോഗികളെ ചുമന്നുകൊണ്ടു, വരാൻ തുടങ്ങി, അശുദ്ധാത്മാവു ബാധിച്ചവരേയും കൊണ്ടു വന്നു.[6] ജനക്കൂട്ടം നിമിത്തം അപ്പൊസ്തലന്മാരുടെ അടുക്കൽ എത്തിക്കാൻ കഴിയാത്ത രോഗികളെയാണ് വഴിയരികിലും മറ്റും കിടത്തിയത്, "അങ്ങനെ അപ്പൊസ്തലന്മാർ[7] കടന്നുപോകുമ്പോൾ, അവരുടെ നിഴൽ എങ്കിലും വീണാൽ അവർക്കു സൗ ഖ്യം ലഭിക്കും എന്നു വിശ്വസിച്ചു" (വാക്യം 15). പത്രൊസിന്റെ നിഴൽ ആരെയെങ്കിലും സഹായിച്ചോ എന്നെനിക്കറിഞ്ഞുകൂടാ യേശുവിന്റെ വസ്ത്ര

ത്തിന്റെ തൊങ്ങൽ ഒന്നു തൊട്ടാൽ സൗഖ്യം വരുമെന്നു വിചാരിച്ച ഒരു സ്ത്രീക്കു സൗഖ്യം വന്നു (മത്തായി 9:20–22; 14:36), പിന്നീടൊരിക്കൽ, പൗലൊസിന്റെ റുമാലും ഉത്തരിയവും രോഗികളുടെ മേലിട്ട് അവർക്കു സൗഖ്യം വന്നിട്ടുണ്ട് (പ്രവൃത്തി 19:11, 12). ഒരുപക്ഷേ ആളുകൾ രോഗികളെ അവിടെ കൊണ്ടു കിടത്തും, ഇതൊരു സഹായകരമാകുമെന്ന് വിചാരിച്ചു[8] – പിന്നെ, അപ്പൊസ്തലന്മാർ അതു വഴി വരുമ്പോൾ, ചെന്നു സൗഖ്യമാക്കുകയാവാം. എങ്ങനെ ചെയ്താലും, എല്ലാ രോഗികളും സൗഖ്യമായി. അശുദ്ധാത്മാവു ബാധിച്ച "എല്ലാവർക്കും സൗഖ്യം വന്നു" (എംഫസിസ്മൈൻ). ഇന്നു, "രോഗശാന്തി ശുശ്രൂഷക്കു" പോയി സുഖപ്പെടാതെ മുടന്തന്മാർ മടങ്ങിപ്പോക്കുമ്പോൾ അവരുടെ ചെവിയിൽ മുഴങ്ങികേൾക്കാറുള്ള ശബ്ദം: "നിങ്ങൾക്കു മതിയായ വിശ്വാസം ഇല്ലാതെ പോയി!" ഇതു പുതിയനിയമകാലയളവിൽ നടന്നതിനു വിപരീതമാണ്. യേശുവും അപ്പൊസ്തലന്മാരും രോഗികളെ സൗഖ്യമാക്കിയതിൽ, പരാജയപ്പെട്ടിരുന്നില്ല.

എല്ലാ അത്ഭുതങ്ങളും നടന്നതു "യേശുക്രിസ്തുവിന്റെ നാമത്തിലാണ്" (3:6, 16; 4:10), പ്രസംഗിച്ച പ്രസംഗങ്ങൾ "എല്ലാം യേശുക്രിസ്തുവിന്റെ നാമത്തിലായിരുന്നു" (4:12). അപ്പൊസ്തലന്മാരുടെ വർദ്ധിച്ചു വരുന്ന പ്രചാരം, ന്യായാധിപസഭയെ അനുസരിക്കാതെ ദൈവത്തെ അനുസരിച്ചതുകൊണ്ടു, അധികം താമസിയാതെ ന്യായാധിപസംഘത്തിന്റെ മുൻപിലേക്കു അവരെ കൊണ്ടുവന്നു.

**കാരാഗൃഹം (5:17, 18)**

"സംഘത്തിലുണ്ടായിരുന്ന എല്ലാവരോടുമൊപ്പം, മഹാപുരോഹിതൻ[9] എഴുന്നേറ്റു (അതു പരീശ വിഭാഗത്തിൽ[10] പെട്ടവരുടെ കൂട്ടമായിരുന്നു),[11] അവർ അസൂയ നിറഞ്ഞവരായിരുന്നു;[12] അവർ അപ്പൊസ്തലന്മാരെ പിടിച്ചു, പരസ്യമായി കാരാഗൃഹത്തിലാക്കി" (വാക്യം 17, 18). ഈ സമയത്തു പത്രൊസും യോഹന്നാനും മാത്രമായിരുന്നില്ല അപ്പൊസ്തലന്മാർ എല്ലാവരും ഉണ്ടായിരുന്നു. മൂലഭാഷയിൽ, "അവരെ പരസ്യമായി കാരാഗൃഹത്തിലാക്കി എന്നാണ്" അക്ഷരികമായി പറഞ്ഞാൽ "അവരെ പരസ്യമായി കസ്റ്റഡിയിലെടുത്തു എന്നാണ്." ക്രൂര കൃത്യം ചെയ്തവരെ പോലെ പരസ്യമായി തടവിലാക്കിയതു അപ്പൊസ്തലന്മാരെ അപകീർത്തിപ്പെടുത്തുന്നതിനായിരുന്നു.

**പ്രഖ്യാപനം (5:19-21)**

ദൈവത്തിനു മറ്റു പദ്ധതികൾ ഉണ്ടായിരുന്നു. "രാത്രിയിലോ കർത്താവിന്റെ ദൂതൻ[13] കാരാഗൃഹവാതിൽ തുറന്നു അവരെ പുറത്തു കൊണ്ടുവന്നു" (വാക്യം 19). വാതിൽ കാക്കുന്നവരുടെ അറിവുകൂടാതെ എങ്ങനെ സംഭവിച്ചു എന്നു നമുക്കറിഞ്ഞുകൂടാ. ഒരു പക്ഷേ 12–ാം അദ്ധ്യായത്തിലെ പത്രൊസിന്റെ മോചനം പോലെ ആയിരിക്കാം.

ദൈവദൂതൻ അവരുടെ വ്യക്തിപരമായ സുരക്ഷിതത്വത്തിനു വേണ്ടി പുറത്തു കൊണ്ടുവന്നതല്ല, പക്ഷെ രക്ഷാസന്ദേശം തുടർച്ചയായി പ്രസംഗിക്കേണ്ടതാണ് എന്നുറപ്പാക്കുകയായിരുന്നു. "... [ദൂതൻ] അവരെ

കൊണ്ടുവന്നു പറഞ്ഞു, 'നിങ്ങൾ ദൈവാലയത്തിൽ ചെന്നു, ഈ ജീവന്റെ വചനം എല്ലാം ജനത്തോടു പ്രസ്താവിപ്പിൻ'" (വാക്യം 19, 20).[14] "ഈ ജീവിതത്തിലെ മുഴുവൻ സന്ദേശവും" യേശുവിന്റെ രേഖാ പ്രസ്താവനയിൽ ഉണ്ട്, ആത്മിയജീവന്റെ ഉറവിടവും (യോഹന്നാൻ 1:4; 6:68; 14:6), കൂടാതെ നമുക്കു ക്രിസ്തുവിലുള്ള ജീവിതവും!

അപ്പൊസ്തലന്മാരെ പുറത്തുകൊണ്ടുവന്നപ്പോൾ ഏതാണ്ട് പ്രഭാതമായി. യെരുശലേമിലെ കാരാഗൃഹത്തിൽ ഒരു രാത്രി ചെലവഴിച്ച ശേഷം വരുന്നതു ഞാനായിരുന്നെങ്കിൽ, ആദ്യം ചെന്നു ചൂടുവെള്ളത്തിൽ നന്നായൊന്നു കുളിച്ചു, വസ്ത്രമെല്ലാം മാറി, ഉറക്കത്തിനു അഭയസ്ഥാനം തേടും. എങ്കിലും, അപ്പൊസ്തലന്മാർക്കു കർത്താവിൽ നിന്നു ആജ്ഞ ലഭിച്ചു, എന്തായാലും, അവർ സമയം പാഴാക്കാതെ പട്ടണത്തിലെ അപകടകരമായ സ്ഥലത്തേക്കാണ് പോയതു തികച്ചും അപകടസാദ്ധ്യതയുള്ള പ്രവൃത്തിക്കുമാണ് പോയത്! "അവർ കേട്ടു, പുലർച്ചെക്കു ദൈവാലയത്തിൽ ചെന്നു, ഉപദേശിച്ചു കൊണ്ടിരുന്നു" (വാക്യം 21).

### പരിഭ്രാന്തി (5:21-25)

അപ്പൊസ്തലന്മാർ അവരുടെ വഴിക്കു ദൈവാലയത്തിലേക്കു പോയപ്പോൾ, ന്യായാധിപസംഘത്തിലെ മഹാപുരോഹിതനും കൂട്ടരും മറ്റൊരു അക്രമത്തിനു വട്ടം കൂട്ടുകയായിരുന്നു. അല്പം ഹാസ്യം ഇവിടെ നമുക്കു കാണാം: ന്യായാധിപസഭ യേശുവിന്റെ നാമത്തിലുള്ള പ്രസംഗം എങ്ങനെ അവസാനിപ്പിക്കുമെന്നു ആലോചിക്കുമ്പോൾ, അവിടെ ദൈവാലയത്തിൽ അവർ തടവിലാക്കിയവർ ഏതാണ്ട് കുറച്ച് അടികൾക്കപ്പുറം പ്രസംഗിച്ചുകൊണ്ടിരിക്കയാണ്!

"മഹാപുരോഹിതന്മാരും കൂടെയുള്ളവരും വന്നു, ന്യായാധിപസംഘത്തേയും, യിസ്രായേൽ മക്കളുടെ മൂപ്പന്മാരേയും,[15] എല്ലാം വിളിച്ചു കൂട്ടി അവരെ കൊണ്ടുവരാൻ തടവിലേയ്ക്കു ആളയച്ചു" (വാക്യം 21). പാലസ്തീനിലെ ഏറ്റവും ശക്തരായ സംഘടനക്കു ഒരു ഞെട്ടലുണ്ടാകുന്നു.

> ചേവകർ[16] ചെന്നപ്പോൾ അവരെ കാരാഗൃഹത്തിൽ കാണാതെ; മടങ്ങി വന്നു, കാരാഗൃഹം നല്ല സൂക്ഷ്മത്തോടെ പൂട്ടിയിരിക്കു ന്നതും, "കാവൽക്കാർ വാതിൽക്കൽ നില്ക്കുന്നതും ഞങ്ങൾ ക ണ്ടു; തുറന്നപ്പോഴോ അകത്തു ആരെയും കണ്ടില്ല എന്നു അറി യിച്ചു" (വാക്യം 22, 23).

എന്താണീ സംഭവിക്കുന്നതെല്ലാം എന്നതിനെകുറിച്ചു വിസ്മയിച്ചു അന്യോന്യം നോക്കിക്കൊണ്ടിരിക്കുന്നവരുടെ മുഖ ഭാവം കാണുവാൻ നിങ്ങൾക്കു താല്പര്യമുണ്ടോ? "ഈ വാക്കു കേട്ടിട്ടു ദൈവാലയത്തിലെ പടനായകനും മഹാപുരോഹിതന്മാരും, ഇതെന്തായി തീരും എന്നു അവരെ കുറിച്ചു ചഞ്ചലിച്ചു" (വാക്യം 24). പല ചോദ്യങ്ങൾ അവരെ മഥിച്ചിരിക്കും: ഈ മനുഷ്യർ എങ്ങനെ ഉള്ളവരായിരിക്കും? അവർ എങ്ങനെ പുറത്തു പോയി (അവരോട് സഹതാപ

മുള്ളവർ ദൈവാലയത്തിലെ പടനായകരിൽ ആരെങ്കിലും ഉണ്ടോ, ചിലപ്പോൾ ന്യായാധിപസംഘത്തിലെ ആരെങ്കിലും ഉണ്ടായിരിക്കുമോ)? അവർ *ഇപ്പോൾ* എവിടെ ആയിരിക്കും? അതിലെല്ലാമുപരി, "ഇതെന്തായി തീരും" എന്നു ഓർത്തു ചഞ്ചലപ്പെട്ടും ഇതു എവിടെ ചെന്നവസാനി ക്കും എന്നു ചിന്തിച്ചിരിക്കും?

ഇതിനെല്ലാം ഉത്തരങ്ങൾ കണ്ടെത്താൻ, "ശ്രമിച്ചുകൊണ്ടിരിക്കു മ്പോൾ ആരോ ഒരാൾ വന്നു പറഞ്ഞു, 'ഇതാ, നിങ്ങൾ, തടവിലാക്കിയ പുരുഷന്മാർ ദൈവാലയത്തിൽ നിന്നു കൊണ്ട് ജനത്തെ ഉപദേശിക്കു ന്നു എന്നു ബോധിപ്പിച്ചു!'" (വാക്യം 25). അവരുടെ ചെവികൾക്കു ഒരു പക്ഷെ വിശ്വസിക്കാൻ കഴിഞ്ഞിരിക്കയില്ല. അവർ ഊഹിച്ചതു രക്ഷ പ്പെട്ടതു അപ്പൊസ്തലന്മാർ നഗരം വിട്ടു പോകുവാനായിരിക്കും എന്നാ ണ്. ഇപ്പോൾ അവർ കൂടിയിരുന്ന സ്ഥലത്തിനു ഒരു കല്ലേറ് അകലെ യുണ്ടെന്ന വിവരമാണ് ലഭിച്ചിരിക്കുന്നത് – അവർ ചെയ്യരുത് എന്നു കല്പിച്ചതു തന്നെ ചെയ്തു കൊണ്ടിരിക്കുന്നു!

**മര്യാദ (5:26)**

വീണ്ടും ദൈവാലയത്തിലെ പടനായകനേയും ചേവകരേയും അയച്ചു അപ്പൊസ്തലന്മാരെ വേഗം പിടിച്ചു കൊണ്ടു വരുവാൻ കല്പന പുറപ്പെടുവിച്ചു. വീണ്ടും രംഗം ഹാസ്യ സൂചകമാകുന്നു: "പടനായകൻ ചേവകരുമായി ചെന്നു (ജനം കല്ലെറിയും എന്നു ഭയപ്പെടുകയാൽ, ബലാല്ക്കാരം[17] ചെയ്യാതെ അവരെ കൂട്ടിക്കൊണ്ടു വന്നു)" (വാക്യം 26). ഞാൻ ഊഹിക്കുന്നതു പടനായകനു വിറയൽ അനുഭവപ്പെട്ടിരിക്കുമെന്നാണ്. കാരണം തടവിലാക്കുവാൻ പോയതു മുടന്തനെ സൗഖ്യമാക്കിയവരെ അശുദ്ധാത്മാക്കളെ പോലും പുറത്താ ക്കിയവരെയാണ്! കൂടാതെ, ആ ഭദ്രത ഭേദിച്ച് ആരും അറിയാതെ അവർക്ക് രക്ഷപ്പെടാൻ കഴിഞ്ഞു! പുറമേ, ജനങ്ങൾ അവരെ വിസ്മയിച്ചു. പടനായകൻ ചെന്നു പത്രൊസിന്റെ ചെവിയിൽ സ്വകാര്യമായി, "എനിക്കു താങ്കളുടെ സഹായം കിട്ടിയാൽ കൊള്ളാം എന്നുപറയുന്നതു എനിക്കു ഊഹിക്കാൻ കഴിയും! നിങ്ങളെ കൊണ്ടു ചെല്ലാൻ, ഞങ്ങളോടു കല്പിച്ചിരിക്കയാണ്. ഞങ്ങൾ അതു ചെയ്തില്ലെങ്കിൽ, ഞങ്ങൾ ശിക്ഷിക്കപ്പെടും – നിങ്ങൾ വന്നില്ലെങ്കിൽ, സാഹചര്യം വഷളാകും എന്നു പറഞ്ഞിരിക്കും! സത്യസന്ധമായി, ഞാൻ തുറന്ന ചർച്ചയ്ക്ക് തയ്യാറാണ്!" പത്രൊസ് അപ്പോൾ ചിരിച്ചുകൊണ്ടു, "പ്രശ്നമില്ല! ഞങ്ങൾ പോരാം എന്നു പറഞ്ഞിരിക്കാം." പത്രൊസ് മറ്റു അപ്പൊസ്തലന്മാരുടെ കാതുകളിലേയ്ക്കു ആ വിവരം കൊടുത്തു. അങ്ങനെ ആയുധധാരികളായ ചേവകന്മാരോടു കൂടി ജനക്കൂട്ടത്തിനിടയിലൂടെ അവർ പോയി.

"ബലാല്ക്കാരം കൂടാതെ" എന്നതു അടിവരയിടുക. അപ്പൊ സ്തലന്മാർക്കു വേണമെങ്കിൽ അധികാരികളോടു പ്രതിരോധിക്കാമാ യിരുന്നു, അങ്ങനെ വരുമ്പോൾ ബലം പ്രയോഗിക്കേണ്ടി വരും. അ വർക്കു ഒരു കലക്കവും വിപ്ലവവും പെട്ടെന്ന് ആരംഭിക്കാമായിരുന്നു. അപ്പൊസ്തലന്മാർ ഒരു വാക്കു പറഞ്ഞാൽ, ജനക്കൂട്ടം പടനായക

നേയും ചേവകരേയും കൽക്കൂമ്പാരത്തിനിടയിലാക്കുമായിരുന്നു. എന്നാൽ അപ്പൊസ്തലന്മാർ കുഴപ്പം ഒന്നുമുണ്ടാക്കിയില്ല. എന്തുകൊണ്ട്? അവരെ പഠിപ്പിച്ച കർത്താവിന്റെ ശിഷ്യന്മാരായിരുന്നു അവർ. “തന്നെ ശകാരിച്ചിട്ടു പകരം, ... ശകാരിക്കാതെയും; കഷ്ടം അനുഭവിച്ചിട്ടു, ഭീഷണം പറയാതെയും, ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭാരമേല്പിക്കയത്രെ ചെയ്തതു” (1 പത്രൊസ് 2:23). യേശുവിനെ പിടിച്ചു തടവിലാക്കാൻ ചെന്നപ്പോൾ, അവൻ എതിർത്തില്ല.[18] പ്രവൃത്തികളുടെ പുസ്തകത്തിൽ, അപ്പൊസ്തലന്മാരെ എപ്പോഴെല്ലാം പിടിച്ചു തടവിലാക്കിയോ, അപ്പോഴൊന്നും അവർ എതിർത്തില്ല. ദൈവത്തിനു അവർ പുറത്തായിരിക്കുമ്പോൾ ഉപയോഗിക്കാൻ കഴിയുന്നതുപോലെ തടവിനകത്തും ഉപയോഗിക്കാം.

**സമ്മർദ്ദം (5:27, 28)**

“അപ്പൊസ്തലന്മാരെ പിടിച്ചവർ, ആലോചനാ മുറിക്കരികിൽ കൊണ്ടു വന്നു ന്യായാധിപ സംഘത്തിനു മുമ്പാകെ നിറുത്തി” (വാക്യം 27). ന്യായാധിപ സംഘത്തിനു വേണമെങ്കിൽ ധാരാളം ചോദ്യ ങ്ങൾ ചോദിക്കാം, ആരും കാണാതെ അപ്പൊസ്തലന്മാർ എങ്ങ നെ തടവിൽ നിന്നു പോയി എന്നും ചോദിക്കാം. അതവർ ചോദിച്ചില്ല. ഒരുപക്ഷെ, അതവർ അറിയുവാൻ താല്പര്യപ്പെട്ടിരിക്കയില്ല. ഒരു പക്ഷെ അവർക്കു സംശയം കാണും. പക്ഷെ അതുറപ്പാക്കുവാൻ അവർ ആഗ്രഹിച്ചില്ല.

പകരം, കുപിതനായ ഒരു മഹാപുരോഹിതൻ, പത്രൊസും യോഹന്നാനും ന്യായാധിപസഭയുടെ കല്പന ലംഘിച്ചതുകൊണ്ട് ശാസിക്കുകയാണ് ചെയ്തതു.

> ഒരു മഹാപുരോഹിതൻ അവരോടു, “ഈ നാമത്തിൽ ഉപദേശിക്കരുത്, എന്നു, ഞങ്ങൾ നിന്നോടു അമർച്ചയായി കല് പിച്ചുവല്ലോ, നിങ്ങളോ, യെരുശലേമിനെ നിങ്ങളുടെ ഉപദേശം കൊണ്ടു നിറെച്ചിരിക്കുന്നു, ആ മനുഷ്യന്റെ രക്തം ഞങ്ങളുടെ മേൽ വരുവാൻ ഇഛരിക്കുന്നു എന്നു പറഞ്ഞു” (വാക്യം 27, 28).

അവർക്കെതിരായി രണ്ടു കുറ്റങ്ങൾ ചുമത്തപ്പെട്ടിരുന്നു:

(1) യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുതെ ന്നു ന്യായാധിപസംഘം അമർച്ചയായി കല്പിച്ചിരുന്നു, എന്നാൽ അപ്പൊസ്തലന്മാർ അവരുടെ ഉപദേശം കൊണ്ട് യെരുശലേമിനെ *നിറെച്ചു*! എല്ലാ നാവുകളിലും യേശുവിന്റെ നാമമായിരുന്നു. എന്തൊരു ആ ശംസയാണ് അപ്പൊസ്തലന്മാർക്കു ലഭിച്ചത്! സഭാ വളർച്ചയുടെ “രഹസ്യങ്ങളിൽ” പ്രധാനപ്പെട്ട ഒന്നാണിത്: കൂടുതൽ വിത്ത് വിതെക്കുന്തോറും, കൊയ്ത്തു വളരെയായിരിക്കും! ഇന്നു നാം ലോക ത്തെ ... നമ്മുടെ രാജ്യത്തെ ... നമ്മുടെ പട്ടണത്തെ ... ക്രിസ്തുവിന്റെ ഉപദേശം കൊണ്ടു നിറെച്ചു എന്നു പറഞ്ഞു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു!

(2) രണ്ടാമത്തെ കുറ്റം അപ്പൊസ്തലന്മാർ യേശുവിന്റെ മരണത്തിന്റെ ഉത്തരവാദിത്വം ന്യായാധിപ സംഘത്തിന്മേൽ വരുത്തുന്നു

എന്നതായിരുന്നു: "ആ മനുഷ്യന്റെ രക്തം ഞങ്ങളുടെ മേൽ വരുവാൻ നിങ്ങൾ ഇച്ഛിക്കുന്നു." പിലാത്തൊസ് യെഹൂദന്മാരോടു, "ഈ നീതി മാന്റെ രക്തത്തിൽ എനിക്കു കുറ്റം ഇല്ല; നിങ്ങൾ തന്നേ നോക്കി ക്കൊൾവിൻ എന്നു പറഞ്ഞു," അതിനു അവർ, "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്നു ജനം ഒക്കെ യും ഉത്തരം പറഞ്ഞു!" (മത്തായി 27:24, 25). അപ്പൊസ്തല ന്മാർ അവരുടെ വാക്കുകൾ തന്നെ എടുത്തു പറഞ്ഞപ്പോൾ, അവരുടെ വികാരം വ്യണപ്പെട്ടു![19]

യേശുവിന്റെ പേർപോലും ഉച്ചരിക്കാൻ കഴിയാത്തത്ര വെറുപ്പുണ്ടായിരുന്നു മഹാപുരോഹിതന് എന്നു ശ്രദ്ധിക്കുക: "*ഈ നാമത്തിൽ*; ... അശേഷം സംസാരിക്കരുതെന്നു ഞങ്ങൾ അമർച്ചയായി കല്പിച്ചുവല്ലൊ ... *ആ മനുഷ്യന്റെ* രക്തം ഞങ്ങളുടെമേൽ വരുവാൻ നിങ്ങൾ ഇഛിക്കുന്നു." (എംഫസിസ്മൈൻ.)

**മുൻഗണനകൾ (5:29)**

അപ്പൊസ്തലന്മാരിൽ ഒരിക്കൽക്കൂടെ, സമ്മർദ്ദം വന്നു - അവിശ്വസനീയമായ സമ്മർദ്ദം ആയിരുന്നു. അവർ ശക്തരായിത്തന്നെ തുടരുമോ, അതോ തകർന്നു പോകുമോ?

> അതിനു പത്രൊസും ശേഷം അപ്പൊസ്തലന്മാരും, "മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു. നിങ്ങൾ മരത്തിൽ തൂക്കികൊന്ന[21] യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു,[20] യിസ്രായേലിന്,[23] മാനസാന്തരവും പാപമോചനവും നൽകുവാൻ ദൈവം അവനെ പ്രഭുവായും[22] രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു. ഈ വസ്തുതക്കു ഞങ്ങളും ദൈവം തന്നെ, അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു; എന്നു ഉത്തരം പറഞ്ഞു"[24] (വാക്യം 29-32).

പത്രൊസും മറ്റുള്ളവരും ആ കുറ്റങ്ങൾ ഉള്ളവരായിരുന്നോ: അതെ, അവർ യേശുവിനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അതെ, യേശുവിനെ മരണത്തിനു ഏല്പിച്ചു കൊടുത്ത കുറ്റം ന്യായാധിപ സഭയ്ക്കായിരുന്നു എന്നു അവർ കുറ്റപ്പെടുത്തി. വാസ്തവത്തിൽ, അതു ന്യായാധിപസഭയോടു പറയുവാൻ അവർക്കു മടിയുണ്ടായിരു ന്നില്ല: "... *നിങ്ങൾ* അവനെ ക്രൂശിൽ തറെപ്പിച്ചു കൊന്നു എന്നാണ് പറഞ്ഞത്!"

അവർ ഇത്ര ഭയരഹിതരായി സംസാരിക്കാൻ കാരണം എന്താണ്? കാരണം അവർ ചില ആത്മീയ മുൻഗണനകൾ സ്ഥാപിച്ചിരുന്നു. ആദ്യ വിചാരണക്കിടയിൽ, പത്രൊസും യോഹന്നാനും അവരുടെ മുൻഗണനകൾ പരോക്ഷമായി നല്കി: "ദൈവത്തേക്കാൾ നിങ്ങളെ അനുസരിക്കുന്നതു ദൈവത്തിന്റെ മുമ്പാകെ, ന്യായമോ എന്നു വിധിപ്പിൻ" എന്നാണ് ആദ്യം പറഞ്ഞത് (4:19). ഇപ്പോൾ, പത്രൊസും മറ്റുള്ളവരും ഒരു വാക്കും വിഴുങ്ങാതെ പറഞ്ഞു: "മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (5:29; എംഫസിസ്മൈൻ)!

**പ്രസംഗം (5:30-32)**

അവർ യേശുവിന്റെ മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നിവയെ കുറിച്ച്, ഒരു ചെറിയ പ്രസംഗം തന്നെ നടത്തി. അവർ ചെയ്തതിനു കഴിവു നല്കിയ പരിശുദ്ധാത്മാവു (അവർ ചെയ്തതിനും പറഞ്ഞ സത്യത്തിനും) സാക്ഷ്യം വഹിച്ചു എന്നു അവർ പറഞ്ഞവസാനിപ്പിച്ചു! ആ പ്രസംഗത്തിൽ ഇംഗ്ലീഷിൽ 68 വാക്കുകളാണുണ്ടായിരുന്നത്,[25] എന്നാൽ ആ ചുരുങ്ങിയ വാക്കുകൾ ന്യായാധിപസംഘത്തിലുള്ളവരെ ശുണ്ഠി പിടിപ്പിക്കുന്നവയായിരുന്നു: മാനസാന്തരവും പാപമോചനവും യിസ്രായേലിനു നല്കി - എന്നതു സൂചിപ്പിച്ചതു അവർക്കു മാനസാന്തരവും പാപമോചനവും *ആവശ്യമാണെന്നാണ്*! അപ്പൊസ്തലന്മാർ ദൈവത്തെ അനുസരിച്ചതു കൊണ്ടാണ് അവർക്കു പരിശുദ്ധാത്മാവു ലഭിച്ചത് - ന്യായാധിപസംഘം ദൈവത്തെ അനുസരി*ക്കാതിരുന്നതു*കൊണ്ട്, അവരിൽ പരിശുദ്ധാത്മാവു ഇല്ലായിരുന്നു എന്നാണ്![26] യേശുവിനെ *ഏക*, രക്ഷകനാക്കിയതു ആയിരിക്കാം, എന്തായാലും, ഒരു പക്ഷെ, അവരെ കൂടുതൽ രോഷാകുലരാക്കിയത്![27] "രക്ഷകൻ" എന്ന വാക്കു ന്യായാധിപസംഘത്തിനു പരിചയമുണ്ടായിരുന്നു, ഡോക്ടർ രോഗികളുടെ ഭൗതിക ജീവൻ രക്ഷിക്കുന്നു. തത്വചിന്ത കന്മാർ പ്രശ്നങ്ങളിൽ നിന്നു രക്ഷിക്കുന്നു, രാഷ്ട്രത്തലവൻ രാഷ്ട്രത്തെ രക്ഷിക്കുന്നു എന്നെല്ലാം അവർക്കറിയാം. എന്നാൽ യേശുവിനു മാത്രമേ, എങ്ങനെയായാലും, അവരുടെ ആത്മാക്കളെ രക്ഷിക്കാൻ കഴിയുകയുള്ളൂ എന്നതു അവർക്കു അപമാനമായി തോന്നി!

പത്രൊസിന്റെ ആദ്യ സുവിശേഷംപ്രസംഗം കേട്ടിട്ടു,[28] യെഹൂദന്മാരായ "കേൾവിക്കാരുടെ ഹൃദയത്തിൽ കുത്തു കൊണ്ടു" (2:37). ഇപ്പോൾ, പത്രൊസും മറ്റു അപ്പൊസ്തലന്മാരും ന്യായാധിപസംഘത്തോടു പ്രസംഗിച്ചപ്പോൾ, "അവർ കോപപരവശരായി" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (വാക്യം 33). വാക്യങ്ങൾ ഉച്ചാരണത്തിൽ കേൾക്കുമ്പോൾ ഒന്നാണെന്നു തോന്നാം, പക്ഷെ അങ്ങനെയല്ല. പ്രവൃത്തി 2-ൽ യെഹൂദന്മാർ അവരുടെ തെറ്റു അവർ തിരിച്ചറിഞ്ഞു; എന്നാൽ പ്രവൃത്തി 5-ൽ ന്യായാധിപ സംഘം കോപത്തിനിരയായി തീർന്നു! ഗ്രീക്കു തർജ്ജിമ ചെയ്തിരിക്കുന്ന വാക്കായ "കട്ട് റ്റു ദി ക്വിക്ക്," അർത്ഥം "അറുത്തു മാറ്റി" എന്നാണ്! ഈ വാക്കു മറ്റൊരു ഭാഗത്തുമാത്രം കാണപ്പെടുന്നതു 7-ാം അദ്ധ്യായത്തിലാണ്, സ്തെഫാനോസ് അന്നു പ്രസംഗിച്ചപ്പോൾ ആയിരുന്നു അത്. 33-ാം വാക്യം പറയുന്നതു ന്യായാധിപ സംഘം "അപ്പൊസ്തലന്മാരെ ഒടുക്കി കളയുവാൻ ഭാവിച്ചു എന്നാണ്." ന്യായാധിപസംഘം തടസ്സപ്പെടുത്തിയില്ലായിരുന്നെങ്കിൽ, സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്നതു പോലെ ഇവരെയും പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു കൊല്ലുമായിരുന്നു.

വീണ്ടും പറയട്ടെ, ദൈവത്തിനു വേറെ പദ്ധതികൾ ഉണ്ട്.[29]

### ഒരു പരീശൻ (5:34-39)

അപ്പൊസ്തലന്മാരെ പിടിച്ചു തടവിലാക്കാൻ മുൻകയ്യെടുത്ത സദൂക്യരാണ്, കുഴപ്പത്തിലാകുന്നത് (വാക്യം 1). കൂട്ടത്തിലെ പരീശന്മാർ അത്ര വൈകാരികമായി എതിർപ്പ് പ്രകടിപ്പിച്ചില്ല. കുല ചെയ്യുവാനുള്ള ന്യായാധിപസംഘത്തിന്റെ ശ്രമത്തെ ദൈവം ഒരു പരീശനിലൂടെ തടഞ്ഞു. "അപ്പോൾ സർവ്വജനത്തിനും ബഹുമാനമുള്ള, ധർമ്മോപദേഷ്ടാവായ, ഗമാലിയേൽ എന്നോരു പരീശൻ, ന്യായധിപസംഘത്തിൽ എഴുന്നേറ്റു അവരെ കുറച്ചു നേരം പുറത്താക്കുവാൻ കല്പിച്ചു" (വാക്യം 34).

പ്രവൃത്തികളുടെ പുസ്തകത്തിൽ ആദ്യമായിട്ടാണ് പരീശനെ കുറിച്ചു വായിക്കുന്നത്. ഉദാരശീലരായ സദൂക്യർക്കു വിപരീതമായുള്ള അത്യധിക യാഥാസ്ഥിതികരാണ് പരീശ പക്ഷം.[30] അവർ ജനങ്ങളുടെ പാരമ്പര്യത്തേയും മോശെയുടെ ന്യായപ്രമാണത്തെയും ആളുകളിൽ അടിച്ചേല്പിക്കുന്നവരാണ്. അവരെ നാം "ലീഗലിസ്റ്റ്"[31] എന്നു വിളിക്കും.

ന്യായാധിപസംഘത്തിൽ അധികവും സദൂക്യരാണെങ്കിലും കുറെ പ്രമുഖ പരീശന്മാരും കാണും.[32] അവരിൽ ഒരാളായിരുന്നു അറിയപ്പെട്ട പരീശൻ ഗമാലിയേൽ[33] യിസ്രായേലിൽ ഏറ്റവും ബഹുമാന്യനായ ഉപദേഷ്ടാവായിരുന്നു ഗമാലിയേൽ. പിന്നീട്, അദ്ദേഹം മരിച്ചപ്പോൾ, പറഞ്ഞു, "ഗമാലിയേൽ റബ്ബാൻ മരിച്ചതുകൊണ്ടു ന്യായപ്രമാമത്തെ ആരും ആദരിക്കാതായി; വിശുദ്ധിയും സുഖാനുഭവവർജ്ജനവും ഒരേ സമയത്തു നിർജീവമായി."[34] അവന്നു ആ കൂട്ടത്തിന്റെ ശ്രദ്ധയാകർഷിക്കാൻ കഴിഞ്ഞിരുന്നു. തിരിഞ്ഞ ജനക്കൂട്ടത്തിനു പുറത്തേക്കു അപ്പൊസ്തലന്മാരെ മാറ്റുവാൻ ഗമാലിയേലിനോടുള്ള ബഹുമാനം കാരണമായി.

പിരിമുറുക്കം കുറക്കുന്ന ആദ്യനടപടിയായിരുന്നു അപ്പൊസ്തലന്മാരെ ഗമാലിയേൽ പുറത്താക്കിയത്. അവന്റെ രണ്ടാമത്തെ നടപടി ന്യായാധിപസംഘവുമായി വിവേചനം നടത്തിയതാണ്:[35]

> ... പിന്നെ അവൻ അവരോടു യിസ്രായേൽ പുരുഷന്മാരേ, ഈ മനുഷ്യരുടെ കാര്യത്തിൽ നിങ്ങൾ എന്തു ചെയ്‌വാൻ പോകുന്നു എന്നു സൂക്ഷിച്ചുകൊൾവിൻ. ഈ നാളുകൾക്കു മുൻപു തദാസ്[36] എന്നവൻ എഴുന്നേറ്റു, താൻ മഹാൻ എന്നു നടിച്ചു;[37] ഏകദേശം നാനൂറു പുരുഷന്മാർ അവനോടു ചേർന്നു കൂടി, എങ്കിലും അവൻ മരിക്കയും അവനെ അനുസരിച്ചവർ എല്ലാം ചിന്നി ഒന്നുമില്ലാതാകയും ചെയ്തു. അവന്റെ ശേഷം ഗലീലക്കാരനായ[38] യൂദാ ചാർത്തലിന്റെ കാലത്തു എഴുന്നേറ്റു, ജനത്തെ തന്റെ പക്ഷം ചേരുവാൻ വശീകരിച്ചു, അവനും നശിച്ചു, അവനെ അനുസരിച്ചവർ ഒക്കെയും ചിതറിപ്പോയി. ആകയാൽ ഈ മനുഷ്യരെ വിട്ടു ഒഴിഞ്ഞുകൊൾവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു, ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്നു വരികിൽ അതു നശിച്ചു പോകും; ദൈവികം എങ്കിലോ, നിങ്ങൾക്കു അതു നശിപ്പിപ്പാൻ കഴികയില്ല; നിങ്ങൾ ദൈവത്തോടു പോരാടുന്നു എന്നു വരരുതല്ലോ എന്നു പറഞ്ഞു (വാക്യം 35–39).

"സൂക്ഷിച്ചുകൊൾവിൻ" – മറ്റൊരു വാക്കിൽ, "ഒന്നു ചിന്തിച്ചു

വേണം ഇതു ചെയ്യുവാൻ" എന്നു പറഞ്ഞുകൊണ്ടാണ് ഗമാലിയേൽ തന്റെ അഭിപ്രായം പറയുന്നതു. വിപത്തിലേക്ക് പെട്ടെന്ന് ഇറങ്ങുന്ന വരെ സാവധാനത്തിലാക്കുന്നതാണ് പലപ്പോഴും അതിന്റെ ഫലത്തെ പരിഗണിക്കാനിടയാക്കുന്നത്. ഗമാലിയേൽ ന്യായാധിപസംഘത്തോടു പറഞ്ഞതു "[അപ്പൊസ്തലന്മാരെ] തനിയെ വിടുവാനാണ്." അവൻ വിവേചിച്ചതു, ക്രിസ്ത്യാനിത്വം "മനുഷ്യരുടേതെങ്കിൽ," ന്യായാധിപ സംഘം അതു നിർത്തണമെന്നില്ല; അതു സ്വാഭാവികമായി ഇല്ലാതാകും (തന്റെ നിർദ്ദേശത്തിനു അവർക്കു പരിചയമുള്ള രണ്ടു സംഭവങ്ങൾ നിരത്തി). അല്ലെങ്കിൽ, അദ്ദേഹം പറഞ്ഞു, ക്രിസ്ത്യാനിത്വം "ദൈവത്തിൽ നിന്നാണെങ്കിൽ," അതിനെ എതിർക്കുന്നതുകൊണ്ടു ഒരു *പ്രയോജനവുമില്ല.* അതു "ദൈവത്തോടു എതിർക്കുന്നതിനു തുല്യ മായിരിക്കും." അങ്ങനെ അദ്ദേഹം പറഞ്ഞവസാനിപ്പിച്ചു, "ആ പുരു ഷന്മാരെ വിട്ടൊഴിഞ്ഞു, കൊൾവിൻ."

ക്രിസ്ത്യാനിത്വം വിജയിച്ചതു*കൊണ്ടു* അവർ ദൈവത്തോടു പോരാ ടിയതാ*യിരുന്നു*, ഗമാലിയേലിന്റെ നിർദ്ദേശം അവനെ പുകഴ്ത്തുവാൻ തോന്നുന്നു, അവന്റെ വാക്കുകൾ അടിസ്ഥാനപരമായി പുതിയ മതത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന രീതിയും നല്കുന്നു. എന്തായാലും, ഗമാലിയേൽ പറഞ്ഞതു ദൈവശ്വാസിയമായിരു*ന്നില്ല*,[39] തെറ്റിനെ കൈകാര്യം ചെയ്യുവാൻ ഇതൊരു മാതൃകയാക്കി എടുക്കണമെന്ന് പറ *ഞ്ഞില്ല.* ഗമാലിയേലിന്റെ ആലോചനയെ, ജോൺലാങ്കേ സൂചിപ്പിച്ചതു:

I. ബുദ്ധിശൂന്യം
   A. പരാജയപ്പെടുന്നോ വിജയിക്കുന്നോ എന്നതിന്റെ മാനദ ണ്ഡത്തിൽ വിധിക്കുവാൻ കണ്ടെത്തുന്ന ഒഴിവു കഴിവു ആയിരുന്നെങ്കിൽ ബുദ്ധിശൂന്യമായിരുന്നു,[40] അല്ലെങ്കിൽ
   B. പെട്ടെന്നുള്ള തീരുമാനത്താൽ എടുക്കുന്ന ഒഴിവു കഴി വാണെങ്കിലും.[41]

II. ബുദ്ധിപരം
   A. പറഞ്ഞു പറഞ്ഞു താഴ്മയോടെ മറ്റുള്ളവരെ വിധി ക്കു കയോ, അല്ലെങ്കിൽ.
   B. അഭിപ്രായവ്യത്യാസത്തോടെ നമുക്കെതിരായി പ്രവൃത്തി ക്കുന്നവരെ സൗമ്യമായ പെരുമാറ്റത്താൽ വിധിക്കുകയോ ചെയ്താൽ അതു ബുദ്ധിപരമാകും.[42]

ജെ.ഡബ്ലിയു മെക്ഗാർവെ പറഞ്ഞു, "ഗമാലിയേൽ വാദിക്കയായി രുന്നു ... ഈ പ്രസ്ഥാനത്തെ *അക്രമത്താൽ* അടിച്ചമർത്താമോ എന്ന്; അതിനാൽ അദ്ദേഹത്തിന്റെ ഈ പോയിന്റ് വളരെ നന്നായിരുന്നു."[43] ആരെങ്കിലും തെറ്റു പഠിപ്പിക്കുന്നുവെങ്കിൽ, അതിനെ *ഹിംസിച്ച്* ഒതു ക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല; മറിച്ച്, *സത്യത്താൽ* തെറ്റിനെ എതിർക്കുവാനാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്.

എല്ലാ മതപരമായ സാഹചര്യത്തിലും എടുക്കേണ്ടതിനല്ല ലൂക്കോസ് അന്ന് എഴുതിയതെങ്കിൽ, പിന്നെ എന്തിനാണ്? പ്രാഥമിക മായ, ഈ

പ്രസിദ്ധ ഉപദേഷ്ടാവിനെ ഉപയോഗിച്ചു ദൈവം അപ്പോ സ്തലന്മാരെ എങ്ങനെ സംരക്ഷിച്ചു എന്നു കാണിക്കേണ്ടതിനും, രണ്ടാമതായി, ക്രിസ്ത്യാനികൾ സമൂഹത്തിന്നു ഭീഷണിയല്ല എന്നു നല്ല മനസുള്ള ആളുകൾ തിരിച്ചറിയും എന്നു കാണിക്കേണ്ടതിന്നും ആയിരുന്നു.

ഗമാലിയേൽ തന്റെ നിർദ്ദേശം കേട്ട് സ്വയം അനുസരിച്ചിരുന്നെ ങ്കിൽ, അദ്ദേഹം ക്രിസ്ത്യാനിയായേനെ – കാരണം ക്രിസ്ത്യാനിത്വം വിജയിച്ചു, അതു "ദൈവത്തിൽ" *നിന്നായിരുന്നു* എന്നതിനു മതിയാ വുന്നത്ര തെളിവുകളും ഉണ്ടായിരുന്നു. നമുക്കറിയാവുന്നേടത്തോളം, അദ്ദേഹം അനുസരിച്ചിരുന്നില്ല,[44] പക്ഷെ അദ്ദേഹം അപ്പൊസ്തലന്മാ രുടെ ജീവൻ സംരക്ഷിച്ചു. ഒരുപക്ഷെ വിതറിയ വിത്തു പിന്നീട് മറ്റു ള്ളവരുടെ കൊയ്ത്തിനിടയാക്കിക്കാണും.[45] അദ്ദേഹത്തിന്റെ ശിഷ്യനാ യിരുന്ന, തർസൊസുകാരനായ ശൗൽ (22:3), അവന്റെ വാക്കുകൾ കേൾക്കുവാൻ വന്നിരിക്കാം.

**ഉപദ്രവം (5:40)**

ഗമാലിയേൽ സംസാരിച്ചു തീർന്നപ്പോൾ, വാക്യം 40 പറയു ന്നതു ന്യായാധിപസംഘം ഗമാലിയേലിനെ "അനുസരിച്ചു എന്നാണ്." അതു കൊണ്ട് അപ്പൊസ്തലന്മാരെ ഉടനെ അവർ കൊന്നില്ല. ഗമാലിയേലിന്റെ സംസാരത്തിനുശേഷം ഒരു വലിയ വാദം നടന്നിരിക്കുമെന്നു ഞാൻ കരുതുന്നു: "നമുക്കവരെ കൊല്ലാൻ കഴിയുകയില്ലെങ്കിൽ, *പിന്നെ* എന്തിനു പറ്റും?" അവസാനം, ആരോ പറഞ്ഞു: "നമുക്കു അവരെ പിടിച്ച് അടിപ്പിക്കാം. അതായിരിക്കാം അങ്ങനെ സംഭവിച്ചത്!"

നാം വായിക്കുന്നതു, "അപ്പൊസ്തലന്മാരെ വരുത്തി അടിപ്പിച്ചു" (വാക്യം 40). അടിക്കൽ അപ്രധാനമായ ശിക്ഷയായിരുന്നില്ല. ചിലർ അടി യേറ്റു ആയുഷ്ക്കാലം മുഴുവൻ മുടന്തി നടക്കേണ്ടി വന്നിട്ടുണ്ട്; ചിലർ അടിയേറ്റു തന്നെ മരിച്ചു; ഭൗതികമായും വൈകാരികമായും, അടിയേറ്റ മുറിപ്പാടുകളുമായി, ശേഷിച്ച കാലം കഴിച്ചവരുണ്ട്. തോൽവാർ പെണച്ചു കെട്ടി പിടിയും ഉണ്ടാക്കി തോൽവാറിന്റെ അഗ്രത്തിൽ ലോഹക്കഷണ ങ്ങൾ അല്ലെങ്കിൽ എല്ലുകൾ ഘടിപ്പിക്കും. അതു അടിക്കുമ്പോൾ മാംസം കീറി മുറിയുന്നതിനാണ്. പ്രഗത്ഭനായ ആരാച്ചാർക്കു ഒരാളുടെ പുറത്തു ഒറ്റയടിക്കു തന്നെ അനേക മുറിവുകൾ ചെലുത്താൻ കഴിയും. ന്യായ പ്രമാണം അനുവദിച്ചതു നാല്പതു അടിയാണ്;[46] പക്ഷെ ഒന്നു കുറയെ നാല്പതു അടിയാണ് പരമാവധി.[47] അകത്തും പുറത്തുമുള്ള വസ്ത്ര ങ്ങൾ നീക്കം ചെയ്യുകയോ, പുറമെ കീറുകയോ ചെയ്യും. പിൻഭാഗത്ത് അടിക്കുവാൻ കുറ്റവാളിയുടെ കൈകൾ ഒരു തൂണിന്മേൽ കെട്ടും. ഒരാൾ അടിക്കും മറ്റൊരാൾ എണ്ണും. ഈ സമയത്തു പന്ത്രണ്ടു പേരെയാണ് അടിക്കുന്നതു – മൊത്തം ഏതാണ്ട് അഞ്ഞൂറു അടി!

ഈ ക്രൂരപ്രവൃത്തി പൂർത്തിയാക്കിയിട്ട്, ന്യായാധിപസംഘം [പഴയകല്പന ആവർത്തിച്ചു], "ഇനി യേശുവിന്റെ നാമത്തിൽ സംസാ രിക്കരുത് എന്നു പറഞ്ഞു വിട്ടയച്ചു" (വാക്യം 40). പന്ത്രണ്ടു പേരെ അടിച്ചു രക്തം ചിന്തിയവർ ന്യായാസനം വിട്ടു, അനേകം പേർ വിചാ രിച്ചിരിക്കും, "ഇതായിരിക്കാം അതിന്റെ അവസാനം എന്ന്!"

**സന്തോഷം (5:41)**

ഒരിക്കൽകൂടെ ക്രിസ്ത്യാനിത്വം പ്രതിസന്ധിയിലായി. ചാട്ടവാറടി കൊണ്ടു സുവിശേഷത്തെ ഒതുക്കുവാൻ കഴിഞ്ഞാൽ, സഭ തന്നെ നിന്നു പോകുമല്ലോ, കാരണം "വിത്ത് [രാജ്യത്തിന്റേതാണ്] ദൈവവചനം" (ലൂക്കൊസ് 8:11). അപ്പൊസ്തലന്മാർ നമ്മിൽ ചിലരെപോലെ ആയിരുന്നെങ്കിൽ, അടുത്ത വാക്യം ഇങ്ങനെ വായിച്ചേനെ: "അവർ തിരുനാമം നിമിത്തം ഭേദ്യമേറ്റതുകൊണ്ട്, കരഞ്ഞു അവരുടെ വഴിക്കുപോയി" അല്ലെങ്കിൽ "യേശുവിനെ അനുഗമിച്ചു ജീവിക്കുക വളരെ പ്രയാസം തന്നെ എന്നു പറഞ്ഞു പരാതിപ്പെട്ടുകൊണ്ടു ന്യായാധിപസഭ വിട്ടു, അവർ അവരുടെ വഴിക്കുപോയി" എന്നോ ആയേക്കാം.

പകരം, 41–ാം വാക്യം പറയുന്നതു, "തിരുനാമത്തിനു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യമായി എണ്ണപ്പെടുകയാൽ, അവർ സന്തോഷിച്ചുകൊണ്ടു ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിന്നു പുറപ്പെട്ടുപോയി എന്നാണ്." (എംഫസിസ്മൈൻ.) ജെ.ഡബ്ലിയു മെക്ഗാർവേ എഴുതി,

> "തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ടുപോയി എന്ന പ്രസ്താവന," അവിശ്വസനീയമെങ്കിലും, ഇതുപോലുള്ള പുസ്തകത്തിൽ എഴുതപ്പെടുകയും, ഇതുപോലെയുള്ള ആളുകളെ കുറിച്ചു ഇങ്ങനെ എഴുതുകയും ചെയ്തിരിക്കുന്നത് അത്ഭുതങ്ങളേക്കാൾ; അവരുടെ ആദ്യ അനുഭവമായ ചമ്മട്ടിഭേദ്യം ഉയർന്നു തന്നെ നിൽക്കുന്നു.[48]

ദി ആംബ്ലിഫൈഡ് ബൈബിൾ വിപുലീകരിക്കുന്നതു "യോഗ്യമായി പരിഗണിച്ചു" എന്നതു "അപമാനിക്കപ്പെട്ടതിനാൽ മാനിക്കപ്പെട്ടു എന്നാണ്."

അവരുടെ പെരുമാറ്റം അപ്പൊസ്തലന്മാർക്കു പുതുമയുള്ളതായിരുന്നില്ല, കാരണം അവർ അടിക്കപ്പെടും എന്നു യേശു മുന്നറിയിച്ചിരുന്നു (മത്തായി 10:17; മർക്കൊസ് 13:9). കൂടാതെ, ഈ വെല്ലുവിളി തന്റെ ഗിരിപ്രഭാഷണത്തിൽ യേശു നല്കിയിട്ടുണ്ട്:

> നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളതു, എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു *സന്തോഷിച്ച്, ഉല്ലസിപ്പിൻ*, നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ (മത്തായി 5:10–12; എംഫസിസ്മൈൻ).

നമുക്കായാലും ഉപദ്രവത്തിൽ സന്തോഷിക്കുക എന്നതു പഠിക്കാൻ വിഷമമുള്ള വിഷയമാണ്. അസാധാരണമായ പ്രയാസമായിരുന്നു പത്രോസിന്റേത്, അവന്റെ മുൻപുണ്ടായിരുന്ന സ്വഭാവം അക്രമിക്കുന്നവരെ തിരിച്ച് അക്രമിക്കുക എന്നതായിരുന്നു അവന്റെ പഴയസ്വാ

ഭാവം (മത്തായി 26:51). എന്നാൽ യേശുവിന്റെ മനോഹര സ്വാധീനം, എന്തായാലും, പത്രൊസിനെ മാറ്റി. പത്രോസ് ഈ പാഠം പഠിച്ചു. വിശ്വാസത്തിനായി പിന്നീട് കഷ്ടതയേറ്റവരോടു പത്രൊസ് എഴുതി:

> പ്രിയമുള്ളവരേ, നിങ്ങൾക്കു പരിക്ഷെക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരപൂർവ്വകാര്യം, ... നിങ്ങൾക്കു വന്നു കൂടി എന്നു വെച്ചു അതിശയിച്ചു പോകരുത്; ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ, അങ്ങനെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും; ... ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ, നിങ്ങൾ ഭാഗ്യവാന്മാർ. മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ വസിക്കുന്നുവല്ലൊ (1 പത്രോസ് 4:12-16).[49]

എനിക്കറിയാവുന്നതിനേക്കാൾ കൂടുതൽ ക്രിസ്ത്യാനിയായി കഷ്ടം സഹിക്കുന്നതിനെകുറിച്ചു നിങ്ങൾക്ക് അനേകം പേർക്കറിയാം. ഗവൺമെന്റ് അധികാരികളാൽ സുവിശേഷപ്രസംഗം നിർത്തുവാൻ എന്നോട് ആവശ്യപ്പെട്ടാറില്ല; എന്റെ വിശ്വാസം കാരണം ജീവിതമോ ഉപജീവനമാർഗ്ഗമോ ഭീഷണിക്കിടയാക്കിയിട്ടില്ല. എങ്കിലും, നമുക്കെല്ലാവർക്കും വേണ്ടതായ പാഠം ഇതിലുണ്ട് – മതസ്വാതന്ത്ര്യത്തിൽ ജീവിക്കുന്നവർക്കും ഉണ്ട്. ഓരോ ക്രിസ്ത്യാനിക്കും, അമ്പതിനായിരം രൂപ കൊടുത്താൽ അവരുടെ കഷ്ടതയിൽ ചെലവിടും.[50] ചില ക്രിസ്ത്യാനികൾ അതു ഒറ്റയടിക്ക് ചെലവാക്കും. നമ്മിൽ അധികം പേർക്കും ഒരു സമയത്തു ഓരോരൂപ താഴെയിട്ടും – ക്രിസ്തുവിന്റെ നാമം നിന്ദിക്കപ്പെടുമ്പോൾ നാം എതിർക്കും. പ്രസംഗിക്കുന്ന ആൾക്കു നമ്മോടു ദേഷ്യം തോന്നും. അതു ഒരു രൂപയുടെ കഷ്ടതയാണ്. ആരെങ്കിലും ഉപദ്രവിക്കപ്പെടുമ്പോൾ നാം അവർക്കുവേണ്ടി എഴുന്നേല്ക്കും. അപ്പോൾ ജനം നമുക്കെതിരെ തിരിയും. അതു മറ്റൊരു രൂപയാണ്. നാം അധാർമ്മികത്വത്തെ അനുകൂലിക്കുകയോ നമുക്കു ചുറ്റുമുള്ള സത്യസന്ധരല്ലാത്തവരെ അനുകൂലിക്കാതിരിക്കയും ചെയ്യുമ്പോൾ നമ്മെ ആളുകൾ നിന്ദിക്കും. അതു മറ്റൊരു രൂപ ചെലവാക്കുകയാണ്. അവസാനം, എല്ലാം ചേർത്തു കിട്ടുന്നതു: ''എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ള വർക്കു എല്ലാം ഉപദ്രവം ഉണ്ടാകും എന്നതാണ്'' (2 തിമൊഥെയോസ് 3:12; എംഫസിസ്മൈൻ). കഷ്ടതയുടെ വലുപ്പം നോക്കാതെ, "ശീലിക്കേണ്ടതു തിരുനാമം നിമിത്തം അപമാനത്തിനു യോഗ്യമായി എണ്ണപ്പെട്ടാൽ" അതു ഭാഗ്യമെന്നോർത്തു *സന്തോഷിക്കാവുന്നതാണ്*!

**സ്ഥിരത (5:42)**

അധികാരികൾ വീണ്ടും അവരുടെ കല്പന പുറപ്പെടുവിച്ചു: "ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത്"! വീണ്ടും അപ്പൊസ്തലന്മാർ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിച്ചു: "പിന്നെ ദിവസവും, അവർ ദൈവാലയത്തിലും വീടു തോറും, വിടാതെ ഉപദേശിക്കയും

യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കയും ചെ യ്തു കൊണ്ടിരുന്നു" (വാക്യം 42). ഉപദ്രവത്തിനു അവരുടെ ഉപദേശത്തെ നിർത്തുവാൻ കഴിഞ്ഞില്ല; വേദനയ്ക്ക് അവരുടെ പ്രാർത്ഥനയെ നിർത്തുവാൻ കഴിഞ്ഞില്ല; ന്യായാധിപസംഘത്തിന്റെ വാക്കുകൾ അപ്പൊസ്തലന്മാരുടെ സാക്ഷ്യത്തെ നിർത്തുവാൻ കഴിഞ്ഞില്ല.

42-ാം വാക്യത്തിലെ "ഉപദേശം" എന്ന വാക്ക് ഉപയോഗിച്ചതു സാധാരണ "ഉപദേശത്തിനുള്ള"[51] ഗ്രീക്കു വാക്കാണ്, എന്നാൽ ഗ്രീക്ക് വാക്ക് "ഉപദേശം" എന്നത് തർജ്ജിമ ചെയ്തത് ക്രിയാരൂപമായിട്ടാണ്. അതിൽ നിന്നാണ് നമുക്കു ''സുവിശേഷം''[52] എന്നവാക്ക് ലഭിച്ചത്. അക്ഷരികമായി, ''അവർ സുവിശേഷീകരിച്ചു കൊണ്ടിരുന്നു (അതായത്., സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു)!" ന്യൂ സെഞ്ചുറി വെർഷനിൽ പറയുന്നത് ''അവർ തുടർച്ചയായി ... യേശു തന്നെ ക്രിസ്തു – എന്ന സുവിശേഷം പറഞ്ഞു കൊണ്ടേയിരുന്നു എന്നാണ്." പരസ്യമായും (ദൈവാലയത്തിൽ) രഹസ്യമായും (വീടുകൾ തോറും), അവർ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം പറഞ്ഞു കൊണ്ടേയിരുന്നു![53]

**ഉപസംഹാരം**

നമ്മുടെ അടുത്ത പാഠത്തിൽ, മനുഷ്യർ ''അരുതു'' എന്നു പറഞ്ഞാലും, നാം ദൈവത്തെ അനുസരിക്കേണം എന്ന വെല്ലുവിളിയെ കുറിച്ചു തുടർന്നു ചർച്ച ചെയ്യാം. ഇപ്പോൾ, നമുക്കു സാഹചര്യം ഏതായാലും ഫലമെന്തായാലും, "മനുഷ്യരേക്കാൾ നമുക്കു ദൈവത്തെ അനുസരിക്കാം."

**ദൃശ്യ - സഹായകുറിപ്പുകൾ**

ഈ പാഠത്തിൽ, അപ്പൊസ്തലന്മാരെ തടവിലാക്കുകയും അടിപ്പിക്കയും ചെയ്തുകൊണ്ട് ക്രിസ്ത്യാനികൾക്കുണ്ടായ ഉപദ്രവം വർദ്ധിച്ചു. ശരിയായ "മനോഭാവത്തോടെ" ഉപദ്രവത്തിന്റെ വിലയെ കണക്കാക്കി ക്ലാസ്സ് ആരംഭിക്കുന്നതാണ് തല്പര്യം ജനിപ്പിക്കുവാൻ നല്ലത്. ഇരുമ്പും ഉരുക്കും കൊണ്ടു നിർമ്മിച്ചതായ പല ഉപകരണങ്ങളും കാണിക്കാം. (അല്ലെങ്കിൽ ഒരേരീതിയിലുള്ള ചിത്ര ങ്ങളും ആകാം), ഉദാഹരണമായി പഴയ ലാഡം, ആണികൾ, കത്തി, ബ്ലയിഡ്, അല്ലെങ്കിൽ സൂചികളും ഉപയോഗിക്കാം. അവയുടെയെല്ലാം ഒരുകിലോയ്ക്കുള്ള *വില* കണക്കാക്കുക – അവ *തീയിലിട്ടു ഉരുക്കിയാൽ* കിട്ടുന്ന മൂല്യവും കണക്കാക്കുക (ഇപ്പോൾ ഉപദ്രവത്തിനിരയായ) പത്രൊസ് പിന്നീട് ''അഗ്നി പരീക്ഷണത്തെ ക്കു റിച്ച് എഴുതി'' (1 പത്രൊസ് 4:12). പരീക്ഷണങ്ങ ളെയും പരിശീലനങ്ങളേയും നാം ശരിയായി ഉപയോഗിച്ചാൽ അതു നമ്മെ ശക്തീക രിച്ചു പണിയുന്നതിന് സഹായിക്കും (അപ്പൊസ്തലന്മാരുടെ മനോഭാവം ഈ പാഠത്തിൽ ശ്രദ്ധിക്കുക)! "*നാം* എങ്ങനെ പരീക്ഷണങ്ങളോടു പ്രതികരിക്കുന്നു" എന്നതാണ് ചോദ്യം?

## പ്രസംഗ കുറിപ്പുകൾ

1986-ലെ *പ്രീച്ചേഴ്സ് പീരിയോഡിക്കൽസിൽ* (ഇപ്പോഴത്തെ *ട്രൂത്ത് ഫോർ ടുഡെ*), നിക്ക് ഹാമിൽട്ടൺ, പ്രവൃത്തി 5:12–42 വരെയുള്ള ഭാഗത്തിൽ നിന്നു, "നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കി. അതിൽ അദ്ദേഹം ഇംഗ്ലീഷിൽ നാലു "സി" ഉപയോഗിച്ച് പോയിന്റുകൾ രൂപപ്പെടുത്തി: (1) ശിഷ്യന്മാരുടെ ചാർജ്ജ് (വാക്യം 12–21); (2) ശിഷ്യന്മാരുടെ തെരെഞ്ഞെടുപ്പ് (വാക്യം 21–32); (3) ശിഷ്യന്മാരുടെ സംതൃപ്താവസ്ഥ (വാക്യം 33–41); (4) ശിഷ്യന്മാരുടെ സമർപ്പണം (വാക്യം 42).

വാരെൻ വിയേഴ്സ്ബേ ഒരു പാഠം പ്രവൃത്തി 5:17–42 വരെ യുള്ള ഭാഗത്തെ അധികരിച്ചു തയ്യാറാക്കിയതു "സത്യവും ഫലങ്ങളും" എന്നതാണ്. അത് *ദി ബൈബിൾ എക്സ്പൊസിഷൻ കമന്ററി,* വാല്യം 1-ൽ ആണ്. എങ്ങനെയാണ് ഓരോരുത്തരും സത്യത്തോടു പ്രതികരിക്കുന്നതു എന്നതാണ് മുഖ്യ പോയിന്റുകൾ: (1) സത്യത്തോടു പോരാടാൻ (ന്യായാധിപസഭ) (വാക്യം 17–28); (2) സത്യത്തെ ഉറപ്പിക്കൽ (അപ്പൊസ്തലന്മാർ) (വാക്യം 29–32); (3) സത്യത്തെ ഉപേക്ഷിക്കൽ (ഗമാലിയേൽ) (വാക്യം 33–39); (4) സത്യത്തെ പ്രഖ്യാപിക്കൽ (സഭ) (വാക്യം 40–42).

---

കുറിപ്പുകൾ

[1]മുഖവുരയിൽ നോക്കിയതുപോലെ, ഗവൺമെന്റിനു പ്രശ്നമുണ്ടാക്കിയിരുന്നത് ക്രിസ്ത്യാനികളല്ല, മറിച്ച് യെഹൂദന്മാരാണെന്നു ബോധ്യ പ്പെടുത്തുക എന്നതായിരുന്നു ലൂക്കോസിന്റെ പ്രവർത്തികളുടെ പുസ്തകത്തിന്റെ ഉദ്ദേശം. [2]ദൈവം സ്ഥാപിച്ചതാണ് കുടുംബം, അതിനർത്ഥം എല്ലാ കുടുംബവും ദൈവം ഉദ്ദേശിച്ച രീതിയിൽ ആണെന്നല്ല. [3]ചിലർ കരുതുന്നതു അധികാരികൾ ശരിയായി ഉപയോഗിക്കാത്തതു കോണ്ട് നാം നികുതി കൊടുക്കേണ്ടതില്ല എന്നാണ്. തീർച്ചയായും, ഒരു ക്രിസ്ത്യാനിയും റോമാഗവൺമെന്റിലെ എല്ലാ നയങ്ങളും അംഗീകരിക്കുന്നില്ല, എങ്കിലും യേശുവും പൗലൊസും റോമാ ഗവൺമെന്റിനു നികുതി കൊടുക്കുവാനാണ് പറഞ്ഞത്. നാം നികുതി കൊടുക്കു*ന്നുവോ* ഇല്ലയോ എന്ന കാര്യത്തിൽ നാം ദൈവത്തിനു കണക്കു കൊടുക്കണം; അധികാരികൾ അതെ*ങ്ങനെ* വിനിയോഗിക്കുന്നു എന്നത് അവർ കണക്കു കൊടുക്കണം. [4]ഉദാഹരണത്തിനു, 1 പത്രൊസ് 2:17 NIV തർജ്ജിമ ചെയ്തിരിക്കുന്നതു, "എല്ലാവരോടും ശരിയായ ബഹുമാനം കാണിപ്പിൻ: സഹോദര വർഗ്ഗത്തെ സ്നേഹിപ്പിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ ആദരിക്കുവിൻ." "ശരിയായി ബഹുമാനം കാണിക്കുക" എന്നതും "ആദരിക്കുക" എന്നതും ഒരേ ഗ്രീക്കു വാക്കിൽ നിന്നു വന്നതാണ്. [5]ഇതു അന്തർലീനമായിരിക്കുന്നു (വാക്യം 42). [6]ഇതു ആദ്യമായാണ് ഈ പുസ്തകത്തിൽ ഭൂതബാധയെ പറ്റി പറയുന്നത്.

ഔദാര്യരായ പണ്ഡിതൻമാർ യഥാർത്ഥ ഭൂതബാധയെ അശുദ്ധാത്മാക്കളല്ല, ഭൗതീക രോഗമാണെന്നു പറഞ്ഞ് തിരസ്കരിക്കുന്നു. വൈദ്യനായ ലൂക്കൊസ്, എങ്ങനെയായാലും, ശാരീരിക രോഗവും "അശുദ്ധാത്മബാധയും വേർതിരിച്ചു കാണിക്കുന്നുണ്ട്." [7]വീണ്ടും പത്രൊസിന്റെ പ്രാമുഖ്യത ഊന്നി പറയുന്നു. പത്രൊസിന്റെ നിഴൽ പോലെ മറ്റു അപ്പൊസ്തലൻന്മാരുടേയും നിഴലിനെ ജനക്കൂട്ടം കണക്കാക്കിയോ, എന്നു ലൂക്കൊസ് പറയുന്നു. [8]അക്കാലത്തുള്ള ജനങ്ങൾ നിഴലിനെ കുറിച്ച് ധാരാളം അന്ധവിശ്വാസങ്ങൾ വെച്ചു പുലർത്തിയിരുന്നു. [9]അന്നത്തെ മഹാപുരോഹിതൻ ന്യായാധിപസംഘത്തിന്റെ പ്രസിഡന്റാ കയാൽ, ഇതു ഒരുപക്ഷെ കയ്യഫാവ് ആയിരുന്നേക്കാം. [10]"ഹൈരാസി" എന്ന വാക്ക് നമുക്കു കിട്ടിയിരിക്കുന്നതു, *ഹായിറെസിസ്* എന്ന വാക്കിന്റെ രൂപഭേദമായിട്ട് വന്നതാണ് "സെക്ട്" എന്നത്. അതിന്റെ ബഹുവചനരൂപമാണ് "ഫാക്ഷൻസ്" 1 കൊരിന്ത്യർ 11:19 ഗലാത്യർ 5:20 (KJV യിൽ "ഹൈരെസിസ്" എന്നാണ്) വാക്കു പരിശൻമാരെക്കുറിച്ചാണ് പറഞ്ഞത്. (പ്രവൃത്തി 15:5; 26:5) ക്രിസ്ത്യാനികളെ തെറ്റായും ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തി 24:5; 28:22)

[11]ന്യായാധിപ സംഘത്തിൽ മുഖ്യമായും സദൂയകൃരാണ്. [12]അവർ യേശുവിന്റെ പ്രസിദ്ധിയിൽ അസൂയ ഉള്ളവരുമാകുന്നു (മത്തായി 27:18; മർക്കൊസ് 15:10). [13]"ഏഞ്ചൽ" എന്ന വാക്ക് ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തതിന്റെ അർത്ഥം "സന്ദേശവാഹകൻ" എന്നാണ് അത് ദൈവിക ദൂതനോ മനുഷ്യദൂതൃനോ ആകാം. അങ്ങനെ ചിലർ (അത്ഭുതങ്ങൾ നിഷേധിക്കുന്നവർ) അവരെ സഹതാപം വെച്ച് തടവിൽ നിന്നു മോചിപ്പിച്ചതാണെന്നു കരുതുകയുമില്ല. അവരെ മോചിപ്പിച്ച സാഹചര്യങ്ങളെല്ലാം, എങ്ങനെയായാലും, കൂടാതെ പ്രവൃത്തി 12 ലെ, സംഭവവും, മറ്റു സാഹചര്യങ്ങളും, നോക്കിയാൽ ഇതു ദൈവികമായ പ്രവൃത്തിയാണെന്നു തെളിയും. കൂടാതെ, "ആത്മീയദൂതർക്ക് ... സാധാരണ ഉപയോഗിക്കുന്ന വാക്കാണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്നതു പ്രസക്തമാണ്" (എഫ്. എഫ്. ബ്രൂസ്, *ദി ബുക്ക് ഓഫ് ആക്ട്സ്*, ദി ന്യൂ ഇന്റർനാഷണൽ കമെന്ററിഓഫ് ദി ന്യൂ ടെസ്റ്റ്മെന്റ്, rev. ed. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു എം. ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1988], 110). എനിക്കറിയാവുന്ന എല്ലാ തർജ്ജിമക്കാരും "ദൂതൻ" എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. [14]ഇതു സൂചിപ്പിക്കുന്നത് ഒരുപക്ഷെ അപ്പോസ്തലൻമാർ മാത്രമായിരിന്നു സുവിശേഷം ഭരിച്ചിരുന്നത് – അവർ ചെയ്തിരുന്നില്ലെങ്കിൽ, നടക്കുമായിരുന്നില്ല. ആ സാഹചര്യം പെട്ടെന്ന് മാറേണ്ടിയിരിക്കുന്നു (പ്രവൃത്തി 6:8–10; 8:1, 4, 5). [15]ഒരുപക്ഷെ ലൂക്കോസ് ന്യായാധിപസഭയെ "സെനറ്റ്" എന്നുവിളിക്കാം ആയതിനാൽ റോമൻ ഉദ്യോഗസ്ഥനായ തിയോഫിലൊസിന് (പ്രവൃത്തി 1:1) ന്യായാധിപ സഭയുടെ സ്വഭാവം കൂടുതൽ മനസ്സിലാകും. [16]ഇവർ റോമാ പടയാളികളായിരുന്നില്ല, ദേവാലയം കാത്തിരുന്ന യഹൂദ പടയാളികളായിരുന്നു. [17]ജനത്തെ ഭയപ്പെടുത്തിയിരുന്നെങ്കിൽ പടയാളികൾ എങ്ങനെ അപ്പൊ സ്തലൻമാരോടു പെരുമാറും എന്നു, കാണുവാൻ പ്രവൃത്തി 21:30–36 നോക്കുക. [18]പത്രൊസ് തടുക്കുവാൻ ശ്രമിച്ചു, പക്ഷെ യേശു അവനെ ശാസിച്ചു (ലൂ ക്കൊസ് 22:50, 51; യോഹന്നാൻ 18:10, 11). സംശയരഹിതമായി, പത്രൊസ് തന്റെ പാഠം പഠിച്ചു. [19]യേശുവിനെ അവസാനം ക്രൂശിൽ തറച്ചതിന്റെ വാസ്തവത്തിലുള്ള ഉത്തരവാദിത്വം, റോമൻ ഉദ്യോഗസ്ഥന്മാർക്കായിരുന്നു. [20]"യേശുവിനെ ഉയിർപ്പിച്ചു" എന്ന പദപ്രയോഗം

ഒന്നുകിൽ യേശുവിനെ ("പുതിയ രാജാവിനെ എഴുന്നള്ളിക്കുന്നതുപോലെ" എഴുന്നെള്ളിക്കുന്നതിനോ) അല്ലങ്കിൽ മരിച്ചവരിൽ നിന്നു യേശുവിനെ "ഉയിർപ്പിക്കുന്നതു" സൂചിപ്പിക്കുന്നു, മരണത്തിനു മുൻപു ഉപയോഗിച്ചതു പ്രമുഖ സ്ഥാനത്തേക്കു ഉയർത്തിയതെന്നു വ്യക്തം. ഞാൻ വിശ്വസിക്കുന്നതു, അതുകൊണ്ടു, അപ്പൊസ്തലന്മാർ വ്യക്തമാക്കിയതു, യേശുവിന്റെ ശാരീരിക ഉയിർപ്പിനെയാണെന്നാണ്. ന്യൂ സെഞ്ചുറിവെർഷനിൽ "ദൈവം ... യേശുവിനെ മരിച്ചവരിൽ നീന്നുയർപ്പിച്ചു എന്നാണ്!"

[21]മുലഗ്രന്ഥത്തിൽ "കുരിശിനു" പകരം "മരം" എന്നാണുള്ളത് (KJV നോക്കുക). ഇതു ഒരുപക്ഷെ ക്രുശിന്റെ ഇടർച്ചയെ സൂചിപ്പിക്കുന്നു (ഗലാത്യർ 3:13, ഉദ്ധരിച്ചതു ആവർത്തനപുസ്തകം 21:23). [22]ഇതു പ്രവൃത്തി 3:15-ൽ കണ്ട ഒരു വാക്കാണ്; അതിനെകുറിച്ചു പറയുന്ന കുറിപ്പുകൾ നോക്കുക. [23]മാനസാന്തരം ദൈവദാനമാണ് കാരണം മാനസാന്തരപ്പെടാനുള്ള ഉത്തേജ നവും അവസരവും ദൈവമാണ് നൽകുന്നത് (റോമർ 2:4). [24]പുതിയ നിയമത്തിലെ, ശേഷം ഭാഗങ്ങളിലേതുപോലെ പ്രവൃത്തികളുടെ പുസ്തകത്തിലും, രക്ഷിക്കുന്ന വിശ്വാസം, അനുസരിക്കുന്ന വിശ്വാസമാണ് (റോമർ 1:5; 16:26; ഗലാത്യൻ 5:6; യാക്കോബ് 2:14-26). [25]ഈ വിവരം 29-ാം വാക്യത്തിലെ തുടക്കത്തിൽ ഉൾപ്പെടുത്തിയട്ടില്ല. ഗ്രീക്കിൽ അതിനു അമ്പതു വാക്യങ്ങളേ ഉള്ളു. [26]സൂചന എന്തെന്നാൽ അവർ ദൈവത്തെ അനുസരിച്ചിട്ടു*ണ്ടെങ്കിൽ,* അവർക്കു നന്മ ലഭിച്ചിരിക്കും. അവർ സ്നാനമേറ്റപ്പോൾ വാസ്തവമായിരുന്നു. അപ്പൊസ്തലന്മാർക്കു ലഭിച്ച അത്ഭുത പ്രദർശനത്തിനായുള്ള ആത്മാവായിരുന്നില്ല അവർക്കു ലഭിച്ചത്, പിന്നെയോ, ദൈവമക്കൾ ആകുമ്പോൾ ലഭിക്കുന്ന ദൈവപുത്രന്റെ ആത്മാവാണ് (ഗലാത്യർ 4:6). [27]രക്ഷ യേശുക്രിസ്തു മുഖാന്തരം മാത്രമാണെന്നു അപ്പൊസ്തലന്മാർ പലവിധത്തിൽ പറഞ്ഞിട്ടുണ്ട്, എന്നാൽ ഇതാദ്യമായാണ് "രക്ഷകൻ" എന്ന വാക്ക് പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നത്. [28]ഈ പ്രസംഗം അതിന്റെ പൂർണ്ണതയിലാണ് പ്രസംഗിച്ചത് (പ്രവൃത്തി 2). [29]പിന്നീട് അപ്പൊസ്തലനായിരുന്ന് യാക്കോബിനെ കൊല്ലുവാൻ അനുവദിച്ചു (പ്രവൃത്തി 12:1, 2), പിന്നീട്, ശേഷിച്ച അപ്പോസ്തലന്മാരെല്ലാം അധികവും, അവരുടെ ചുമലിൽ ആയിരുന്നെങ്കിലും, എല്ലാവരും ഒരു സമയമായപ്പോഴേക്കും കൊല്ലപ്പെടേണ്ടി യിരുന്നു. [30]നിഘണ്ടുവിൽ "പരീശന്മാർ" എന്ന വാക്ക് നോക്കുക.

[31]ന്യായപ്രമാണത്തെ മുറുകെപിടിക്കുന്നവരെ ചിലർ തെറ്റായി "ലീഗലിസ്റ്റ്" എന്നു വിളിച്ചിട്ടുണ്ട്. ആ നിർവ്വചനത്താൽ, യേശു ഒരു ലീഗലിസ്റ്റ് ആയിരുന്നു എന്നു പറയാം (മത്തായി 7:21-23) മറിച്ച്, "ഒരു ലീഗലിസ്റ്റ്" എന്നുപറയുന്നതു. "ദൈവം കെട്ടാത്തതിനെ കെട്ടുന്നവരാണ്," എന്നാൽ "ഉദാരമനസ്കർ" "ദൈവം അഴിക്കാത്തതിനെ അഴിക്കുന്നവരാണ്." [32]ശാസ്ത്രിമാരിലധികവും പരീശൻമാരായിരുന്നു; ധാരാളം ശാസ്ത്രിമാർ ന്യായാധിപസഭയിലുണ്ടായിരുന്നു (പ്രവൃത്തി 4:5, 15). [33]ഇതു ഗമാലിയേൽ അല്ലങ്കിൽ മൂപ്പനായ ഗമാലിയേലാണ്. അയാൾ "റബ്ബാൻ" എന്ന സ്ഥാനപ്പേർ എടുത്തിരുന്നു ("നമ്മുടെ ഗുരു"); സാധാരണ ഉപദേഷ്ടാക്കന്മാരെ "റബ്ബി" എന്നാണ് വിളിച്ചിരുന്നത് ("എന്റെ ഗുരു"). അയ്യാൾക്കു മുൻപു സ്ഥാനം ലഭിച്ചിരുന്നവർ ഏഴു പേരായിരുന്നു. അയാൾ തന്റെ അപ്പൂപ്പനായ ഹില്ലെലിന്റെ ഭക്തിയും കാഴ്ചപ്പാടും ഉള്ളവനായിരുന്നു. [34]വില്ല്യം ബാർക്ലേ, *ദി ആക്ട്സ് ഓഫ് ദി അപ്പോസ്തൽസ്,* ദി ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, ൡല്. ലറ. (ഫിലാദെൽഫിയ, പി.എ.: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 49 ലേതു

ഉദ്ദരിച്ചിരിക്കുന്നു. [35]ഒരിക്കൽ കൂടി, അടച്ച വാതിലിനുള്ളിലെ കാര്യങ്ങൾ എങ്ങനെ ലൂക്കോസ് ''അറിഞ്ഞു'' എന്നതിനെ കുറിച്ച് വ്യാകുലപ്പെടുകയാണ് പണ്ഡിതൻമാർ. സാദ്ധ്യതകൾ ഏറെയാണ്, എന്നാൽ ലൂക്കൊസ് *ദൈവശ്വാസിയനായിരുന്നു.* [36]തദാസിന്റെ കാര്യം വ്യത്യസ്തമായി തീരാൻ കാരണം ജോസെഫസ് ഒരു തദാസിന്റെ മത്സര സ്വഭാവത്തെ പറയുന്നതിനാലാണ്. ലൂക്കൊസ് പറയുന്ന തത്വവും ജോസെഫസ് പറയുന്ന തത്വവും രണ്ടാണെന്നും ഒന്നാണെന്നും കാലയളവിനെ കുറിച്ചുള്ള (ജോസെഫസിന്റെ തെറ്റായ രേഖയാണ് അതിനിടയാക്കിയതെന്നു പറയുന്നു). ലൂക്കൊസ് രേഖപ്പെടുത്തിയതു ഗമാലിയേൽ പറഞ്ഞതാണ്. അതുകൊണ്ട് അതു സത്യവുമാണ്. [37]ഒരുപക്ഷെ അവൻ പ്രവാചകനോ മശിഹയോ ആയി അവകാശപ്പെട്ടേക്കാം. [38]ജോസെഫസ് ഒരു യൂദയുടെ ശാഠ്യത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഏ.ഡി. 6–ൽ റോം യെഹൂദയിൽ ഒരു നാടുവാഴിയെ നിയമിച്ചപ്പോൾ ഏർപ്പെടുത്തിയ നികുതിയെ എതിർത്തു എന്നാണ് ജോസെഫസ് എഴുതിയത്. ഈ പ്രസ്ഥാനം തീവ്രവാദികളിലാ യിരുന്നു ഉണ്ടായിരുന്നത് (പ്രവൃത്തി 1:13). [39]ഗമാലിയേലിന്റെ വാക്കുകൾ പരിശൻമാരുടെ വേദശാസ്ത്രത്തിനു യോജിച്ചതായിരുന്നു, പക്ഷെ ക്രിസ്ത്യാനിത്വത്തിന്റെ വേദശാസ്ത്രത്തിനു യോജിച്ച തായിരുന്നില്ല താനും. [40]ഈ ലോകത്ത് തെറ്റാണ് മുന്നിട്ട് നിൽക്കുന്നതെങ്കിലും, അവസാനം സത്യം ജയിക്കും.

[41]തെറ്റിനെ സംബന്ധിച്ച് "കാത്തിരുന്നു – കാണാം" എന്നതായിരുന്നില്ല യേശുവിന്റെയും അപ്പൊസ്തല്ൻ മാരുടെയും രീതി (1 യോഹന്നാൻ 4:1). [42]ജോൺ പീറ്റർ ലെയിൻഞ്ച്, *കമന്ററി ഓൺ ആക്ട്സ്,* വാല്യം 1 (ഗ്രാന്റ് റാപ്പിഡ്, മൈക്ക്.: സോണ്ടെർവാൻ പബ്ലിഷിഗ് ഹൗസ്, 1866), 101. [43]ജെ. ഡബ്ലിയു. മെക്ഗാർവെ, *ന്യൂകമന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊ സ്തൽസ്,* വാല്യം 1 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംങ് കമ്പനി., nd.), 99. (എംഫസിസ് മൈൻ.) [44]പിന്നീടുള്ള പാരമ്പര്യം പറയുന്നത് ഗമാലിയേൽ ക്രിസ്ത്യാനിയായി തീർന്നു എന്നാണ്, പക്ഷെ വിശ്വസിക്കാവുന്ന തെളിവുകൾ അവനു നല്ല പല സ്വഭാവഗുണങ്ങളും ഉണ്ടായിരുന്നു, പക്ഷെ ക്രിസ്ത്യാനിത്വത്തെ സംബന്ധിച്ച് അന്ധമായ കാഴ്ചപ്പാടായിരുന്നു ഉണ്ടായിരുന്നത്. [45]പൗലൊസ് അടക്കം അസംഖ്യം പരീശൻമാർ ക്രിസ്ത്യാനികളായിതീർന്നു (പ്രവൃത്തി 15:5; 23:6). [46]ആവർത്തനം 25:1–3. എപ്പോൾ ഒരു കുറ്റവാളിയെ അടിക്കണം എത്ര അ ടിക്കണം എന്നെല്ലാം തീരുമാനിക്കുന്നതു വിധിക്കുന്ന ആളായിരുന്നു. [47]2 കൊരിന്ത്യർ 11:24. അനവധി പേർ ഒന്നു കുറയെ നാൽപ്പത് അടിയിൽ തീർക്കും കാരണം കൂടുതലായാൽ അവ തന്റെ പുറകിലേക്കുവരും. [48]മെക്ക് ഗാർവെ, 101. [49]റോമർ 5:3–5; 2 കൊരിന്ത്യർ 6:10; ഫിലിപ്പിയർ 1:29; 1 പത്രോസ് 1:6–9 നോക്കുക. [50]ചിത്രീകരണം എടുത്തിരിക്കുന്നത് റിക് അറ്റ്ച്ലെ, "ആൻ അപ്രീസേഷൻ ഫോർ അഫ് ളിക്ഷൻ,'' സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, അബിലീൻ, ടെക്സാസിൽ 1985 മാർച്ച് 3–ന് പ്രസംഗിച്ച പ്രസംഗത്തിൽ നിന്ന് എടുത്തതാണ്.

[51]*ഡിഡാസ്കോ* എന്ന വാക്കിൽ നിന്നാണ്, നമ്മുടെ "ഡിഡാക്റ്റിക്" എന്ന വാക്ക് കിട്ടിയത്. [52]കഴിഞ്ഞ ലക്കത്തിലെ ഗ്ലോസറിയിൽ "സുവിശേഷം" എന്ന വാക്കു നോക്കുക. സാധാരണ വാക്കിൽ "പ്രീച്ച്" എന്നതിന്റെ അർത്ഥം "ഹെറാൾഡ്" എന്നാണ് (അതായത്., രാജാവിന്റെ പ്രഖ്യാപനത്തെ വിളംബരം ചെയ്യുക). [53]42–ാം വാക്യം അടിവരയിടുക; ഇതു സഭാവളർച്ചയുടെ ''രഹസ്യങ്ങളിൽ'' ഒന്നു ഊന്നിപറയുന്നതാണ്! ഇതേ വാക്യത്തിനു, 20:20 നോക്കുക.